[1]




ആദായനകുതി കൃത്യമായി കണക്കാക്കുന്നതിനും പരമാവധി ഇളവുകളും ആശ്വാസവും നേടുന്നതിനും ആദായ നികുതി വകുപ്പിൽ നിന്നും നോട്ടീസുകൾ ഒഴിവാക്കുന്നതിനും അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ വിവരിക്കട്ടെ. ഈ വർഷം വന്ന പ്രധാന മാറ്റങ്ങൾ, ഇൻകം ടാക്സ് കണക്കാക്കുന്ന രീതി, ആകെ വരുമാനത്തിൽ നിന്നും കുറയ്ക്കാവുന്ന കിഴിവുകൾ, ആദായ നികുതി നിരക്ക്, അരിയർ ലഭിച്ചത് കൊണ്ട് വന്ന അധിക ടാക്സിൽ നിന്നും ഇളവ് നേടാൻ form 10 E തയ്യാറാക്കൽ, ശമ്പള വരുമാനം ഉള്ള ആളുടെ ചുമതലകൾ മുതലായവയാണ് പ്രധാന ഉള്ളടക്കം

ശമ്പളം, പെൻഷൻ എന്നീ വരുമാനങ്ങൾ ലഭിക്കുന്ന നികുതിദായകരെ ഉദ്ദേശിച്ചാണ് ഇത് എഴുതിയിട്ടുള്ളത്. ആദായ നികുതി നിയമത്തിൽ പെൻഷനും സാലറി എന്ന ഹെഡിൽ (Income from Salaries) വരുന്നതിനാൽ അത് ശമ്പള വരുമാനം പോലെ തന്നെ കണക്കാക്കിയാൽ മതി. എന്നാൽ ഫാമിലി പെൻഷൻ, ബാങ്ക് പലിശ എന്നിവ മറ്റു വരുമാനം (Income from other sources) ആയി ആണ് കണക്കാക്കേണ്ടത്.

2018-19 സാമ്പത്തിക വർഷത്തേക്ക് (അല്ലെങ്കിൽ Previous Year ലേക്ക്), അതായത് 2019-20 Assessment Year ലേക്ക് ശമ്പള വരുമാനക്കാർക്ക് ബാധകമായ പ്രധാന മാറ്റങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

- **Standard Deduction** - ശമ്പള വരുമാനക്കാർക്ക് ശമ്പളവരുമാനത്തിൽ നിന്നും 40,000 രൂപ സ്റ്റാൻഡേർഡ് ഡിഡക്ഷൻ അനുവദിച്ചു. ഇതനുസരിച്ച് 40,000 രൂപ എല്ലാവർക്കും ശമ്പളത്തിൽനിന്നും നേരിട്ട് കുറയ്ക്കാം. (Transport Allowance, Medical Reimbursement എന്നിവയ്ക്ക് ഇനി ഇളവ് ലഭിക്കില്ല.)

- **80 D - Medical Insurance** - 60 വയസ്സിൽ കൂടുതൽ ഉള്ളവർക്ക് 80D പ്രകാരമുള്ള മെഡിക്കൽ ഇൻഷുറൻസ് ഇളവ് 30,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചു. അറുപതിൽ താഴെ ഉള്ളവർക്ക് ഇളവ് 25,000 രൂപ ആയി തന്നെ തുടരും.

- **80 DDB Deduction for Medical Expenditute of Specified diseases** - 60 കഴിഞ്ഞവർക്ക് ചില പ്രത്യേക രോഗങ്ങളുടെ ചികിത്സക്കായുള്ള 80 DDB

[1] Downloaded from MATHSBLOG

പ്രകാരമുള്ള ഇളവ് 1,00,000 രൂപയായി വർദ്ധിപ്പിച്ചു. 60 വയസ്സിൽ താഴെ ഉള്ളവർക്ക് ഇളവ് കഴിഞ്ഞ വർഷത്തെ 40,000 രൂപ തന്നെ തുടരും.

- **80 TTB - Bank Interest of Savings Bank Deposit** - 60 കഴിഞ്ഞവരുടെ സേവിങ്സ് ബാങ്ക് നിക്ഷേപ പലിശ ഇനത്തിലുള്ള വരുമാനത്തിന് അൻപതിനായിരം രൂപ വരെ ഇളവ് അനുവദിച്ചു. 60 വയസ്സിൽ താഴെയുള്ളവർക്ക് ഇളവ് പഴയ പോലെ 10,000 രൂപയായി തുടരും.

- **Health and Educational Cess** - കഴിഞ്ഞ വർഷത്തെ 3 ശതമാനം Educational Cess 4 ശതമാനമായി വർദ്ധിപ്പിച്ചു.

## 2018-19 - ആദായനികുതി കണക്കാക്കാം

2018 മാർച്ച് മുതൽ 2019 ഫെബ്രുവരി വരെ ഉള്ള മാസങ്ങളിലെPay, DA, HRA, CCA, Special Allowance, Over time Allowance, DA Arrear, Third and Fourth instalment Pay Revision Arrear, Pay Arrear, Leave Surrender, Medical Reimbursement, Transport Allowance എന്നിവയെല്ലാം കൂട്ടി Gross Salary Income കാണണം. Leave Travel Concession, Conveyance Allowance (for performance of duties of an Office), Uniform Allowance below 24,000, റിട്ടയർമെൻറ് സമയത്തെ Leave Surrender, Commutation of Pension, Gratuity, PF withdrawal എന്നിവ ഒഴിവാക്കാം.

ഇതിൽനിന്നും പ്രൊഫഷനൽ ടാക്സ്, വാടക വീട്ടിൽ താമസിക്കുന്നവരുടെ HRA എന്നിവ കുറയ്ക്കാം.

**House Rent Allowance**

വാടക വീട്ടിൽ താമസിക്കുകയും ശമ്പളത്തിന് 10 ശതമാനത്തിൽ കൂടുതൽ വീട്ടുവാടക കൊടുക്കുകയും ചെയ്യുന്ന ജീവനക്കാർക്ക് മാത്രമാണ് HRA ഇനത്തിൽ കുറവ് ലഭിക്കാൻ അർഹത. ഇനി പറയുന്ന 3 ഇനങ്ങളിൽ ഏറ്റവും കുറഞ്ഞത് മാത്രമാണ് ഇളവ് ആയി ലഭിക്കുന്നത്.

1. ഈ വർഷം ലഭിച്ച ആകെ HRA.
2. ശമ്പളത്തിന്റെ പത്തു (Pay + DA) ശതമാനത്തിലും കൂടുതലായി കൊടുത്ത വീട്ടുവാടക
3. ശമ്പളത്തിന്റെ 40 ശതമാനം

ഉദാഹരണമായി 15000 രൂപ ഒരു വർഷം HRA ലഭിക്കുന്ന ഒരാളുടെ ഒരു വർഷത്തെ ശമ്പളം 450000 രൂപ ആണെന്നിരിക്കട്ടെ. അയാളുടെ ശമ്പളത്തിന് 10% 45000 രൂപ ആണല്ലോ. അയാൾ ആ വർഷം 44000 വീട്ടുവാടക കൊടുത്തെങ്കിൽ ഇളവ് ഇല്ല. അൻപതിനായിരം കൊടുത്തെങ്കിൽ 5000 രൂപ (50,000-45,000) ഇളവ്. എഴുപതിനായിരം രൂപ കൊടുത്തെങ്കിൽ 15000 ഇളവ്.

ഇളവ് ലഭിക്കാൻ തെളിവായി വാടക രസീതിയാണ് ഹാജരാക്കേണ്ടത്. മാസവാടക 3000 രൂപ വരെ ആണെങ്കിൽ വാടക രശീതി ആവശ്യമില്ല. കൊടുത്ത വാടക ഒരു ലക്ഷത്തിൽ കൂടുതൽ ആണെങ്കിൽ Form 12 BB കൂടി ഒപ്പിട്ടു നൽകണം.

**STANDARD DEDUCTION**

ശമ്പള വരുമാനക്കാർക്ക് എല്ലാവർക്കും അവരുടെ ശമ്പളത്തിൽനിന്നും നാൽപതിനായിരം രൂപ സ്റ്റാൻഡേർഡ് ഡിഡക്ഷൻ കുറയ്ക്കാം. ഇത് കുറച്ചശേഷം കിട്ടുന്നതാണ് Net Salary Income അല്ലെങ്കിൽ Income chargeable under the head salaries.
Net Salary Income ത്തിൽ നിന്നും Housing Loan Interest കുറയ്ക്കുക. (ആദായനികുതി നിയമമനുസരിച്ച് "Income from House Property" എന്ന ഹെഡിൽ ഹൗസ് പ്രോപ്പർട്ടിയിൽ നിന്നുള്ള നഷ്ടമായി കാണിക്കുകയാണ് ചെയ്യുന്നത്)

**Housing Loan Interest**

സ്വന്തം താമസത്തിനായി വീട് നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ റിപ്പയർ ചെയ്യുന്നതിനോ പുതുക്കി പണിയുന്നതിനോ എടുത്ത ലോണിന്റെ പലിശ നിബന്ധനകൾക്ക് വിധേയമായി കുറയ്ക്കാം. ഇതിനായി സ്ഥാപനത്തിൽനിന്നും പലിശ, ലോൺ എടുത്തതിന്റെ ഉദ്ദേശ്യം എന്നിവ കാണിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. വീടിന്റെ ഉടമസ്ഥാവകാശം ഉള്ള ജീവനക്കാർക്ക് മാത്രമേ ഈ കുറവിന് അർഹതയുള്ളൂ. ഇനി പരമാവധി ഇളവ് എത്രയെന്ന് നോക്കാം.

- 1-4-1999 ന് ശേഷം വീട് വാങ്ങുന്നതിനോ ഉണ്ടാക്കുന്നതിനോ എടുത്ത വായ്പ യാണെങ്കിൽ പരമാവധി 200000 രൂപ കുറവ് ലഭിക്കും. രണ്ടു ലക്ഷം ഇളവു ലഭിക്കാൻ ലോൺ എടുത്ത സാമ്പത്തിക വർഷം മുതൽ മൂന്നു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കിയിരിക്കണം. ഇത് കാണിക്കാൻ ഒരു self declaration മതിയാകും.
- 1-4-1999 ന് മുമ്പ് എടുത്ത് വായ്പ യാണെങ്കിൽ പരമാവധി 30,000 രൂപ മാത്രമേ കുറവ് ലഭിക്കൂ.
- റിപ്പയർ, പുനർനിർമ്മാണം എന്നിവയ്ക്ക് വേണ്ടി എടുത്ത ലോൺ ആണെങ്കിൽ ഏത് വർഷം എടുത്താലും ഇളവ് പരമാവധി 30,000 രൂപ മാത്രമേ ഉള്ളു.

ഇതുകൂടാതെ സെക്ഷൻ 80 EE പ്രകാരം ഹൗസിംഗ് ലോൺ പലിശ അൻപതിനായിരം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി അധിക കഴിവുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ അറിയാൻ Chapter VI A Deductions നോക്കുക.)

ഇനി മറ്റു വരുമാനങ്ങൾ (Income from other sources) ഫാമിലി പെൻഷൻ, ബാങ്ക് പലിശ മുതലായവ ഉണ്ടെങ്കിൽ അവയുടെ ടിഡിഎസ് സ്രോതസ്സിൽ നിന്നും കുറച്ചില്ലെങ്കിൽ അവ കൂട്ടാം. ഈ വർഷം ലഭിച്ച ഫാമിലി പെൻഷനിൽ നിന്നും അതിന്റേ മൂന്നിൽ ഒരു ഭാഗം അല്ലെങ്കിൽ 15000 രൂപ ഇവയിൽ കുറഞ്ഞത് കുറച്ച് ബാക്കി ആണ് വരുമാനമായി കൂട്ടേണ്ടത്.

(ബാങ്ക് പലിശ, ഫാമിലി പെൻഷൻ എന്നിവയുടെ TDS സ്രോതസ്സിൽ നിന്നും കുറച്ചിട്ടുണ്ട് എങ്കിൽ അത് ഇവിടെയും കൂട്ടി ടാക്സ് കണക്കാക്കരുത്. അങ്ങനെ ഉള്ളവർ ഈ സാമ്പത്തിക വർഷം അവസാനം എല്ലാ ഇനത്തിലും ഉള്ള വരുമാനം കൂട്ടി അതിൻറെ ടാക്സ് കണ്ടെത്തിയ ശേഷം എല്ലാ സ്രോതസ്സിൽ നിന്നും കുറച്ച ടിഡിഎസ് അതിൽ നിന്നും കുറയ്ക്കണം. ബാക്കി അടക്കാനുള്ള ടാക്സ് ബാങ്കിൽ ITNS 280 challan വഴിയോ നെറ്റ് ബാങ്കിംഗ് വഴിയോ അടയ്ക്കണം. ആദായ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ അതിൽ വരുമാനവും ടിഡിഎസ് ആയി കുറച്ച തുകയും ബാങ്ക് വഴി അടച്ച തുകയും നിർബന്ധമായും കാണിക്കണം)

ഇതോടെ GROSS TOTAL INCOME കിട്ടുന്നു.

ഇങ്ങനെ കിട്ടുന്ന Gross Total Income തിൽ നിന്നും Chapter VI A യിലെ വിവിധ സെക്ഷനുകൾ പ്രകാരമുള്ള അർഹമായ കിഴിവുകൾ കുറച്ചാൽ കിട്ടുന്നതാണ് Taxable Income അഥവാ Total Income.

## Chapter VI A Deductions

പ്രൊഫഷണൽ ടാക്സ്, സ്റ്റാൻഡേർഡ് ഡിഡക്ഷൻ, ഹൗസിംഗ് ലോൺ പലിശ എന്നിവ കൂടാതെ Chapter VI A യിലെ വിവിധ സെക്ഷനുകൾ പ്രകാരമുള്ള കിഴിവുകൾ ഏതൊക്കെയാണ് എന്ന് നോക്കാം.

### 80 C Deductions

80 സി പ്രകാരമുള്ള കിഴിവുകൾ പരമാവധി 150000 രൂപയാണ്. 2018 - 19 വർഷത്തിൽ അടച്ച തുക മാത്രമേ കിഴിവിന് പരിഗണിക്കൂ.

- പ്രോവിഡണ്ട് ഫണ്ടിൽ നിക്ഷേപിച്ച സബ്സ്ക്രിപ്ഷൻ തുകയും നിക്ഷേപിച്ച അരിയറും. (ലോൺ തിരിച്ചടവ് പരിഗണിക്കില്ല)
- ജീവനക്കാരുടെയോ ഭാര്യ അല്ലെങ്കിൽ ഭർത്താവിനെയോ മക്കളുടെയോ പേരിൽ അടച്ച ലൈഫ് ഇൻഷുറൻസ് പ്രീമിയം. (1-4-2012 ന് മുമ്പ് എടുത്ത പോളിസി ആണെങ്കിൽ പ്രീമിയം പോളിസിയുടെ 20% ത്തില് കൂടരുതെന്നും 1-4-2012 ന് ശേഷം എടുത്ത പോളിസി ആണെങ്കിൽ 10% കൂടരുത് എന്നും വ്യവസ്ഥയുണ്ട്. അതായത് പരമാവധി അനുവദനീയമായ കിഴിവ് പോളിസിയുടെ 10% അല്ലെങ്കിൽ 20% ആണ്.
- SLI, GIS, FBS എന്നിവ
- വീട് നിർമ്മാണത്തിനു വാങ്ങുന്നതിനോ എടുത്ത് വായ്പയുടെ തിരിച്ചടവിൽ മുകളിലേക്കുള്ള ഭാഗം 80 സി പ്രകാരം കിഴിവിന് അർഹമാണ്. എന്നാൽ റിപ്പയറിംഗ്, പുനർനിർമ്മാണം എന്നിവയ്ക്ക് മുതലിലേക്കുള്ള തിരിച്ചടവ് അനുവദനീയമല്ല.
- ഷെഡ്യൂൾഡ് ബാങ്കുകളിലോ പോസ്റ്റോഫീസിലോ 5 വർഷത്തിൽ കുറയാത്ത കാലത്തേക്ക് Tax Savings Approved Scheme കളിലെ സ്ഥിരനിക്ഷേപം ഈവർഷം നിക്ഷേപിച്ചത്.
- Tution Fees - ജീവനക്കാരനെ പരമാവധി രണ്ടു കുട്ടികൾക്ക് വേണ്ടി അടച്ച ട്യൂഷൻ ഫീസ് ഇളവ് ലഭിക്കും. പ്രീ പ്രൈമറി ക്ലാസ് മുതലുള്ള ഇന്ത്യയിൽ പഠിക്കുന്ന ഏത് മുഴുവൻ സമയം കോഴ്സും ആവാം. എന്നാൽ ട്യൂഷൻ ഫീസ് അല്ലാതെ മറ്റു ഫീസുകൾ ഒന്നും ഇളവിന് അർഹമല്ല. എൻട്രൻസ് കോച്ചിംഗ് പോലുള്ള സ്പെഷ്യൽ ട്യൂഷനു കൾക്ക് അടയ്ക്കുന്ന ഫീസ് പരിഗണിക്കില്ല.

- സ്വന്തം താമസത്തിനായി വീട് വാങ്ങിയ തിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ
- പെൺകുട്ടികൾക്കായുള്ള സുകന്യ സമൃദ്ധി അക്കൗണ്ട് സ്കീമിൽ നിക്ഷേപിച്ച തുക
- ഇവകൂടാതെ അംഗീകരിച്ച Super Annuation Fund, National Savings Certificate, LIC, UTI എന്നിവയുടെ Unit Linked Insurance Plan, നോട്ടിഫൈ ചെയ്ത Annuity Plan, Mutual Fund, ICICI, IDBI, NABARD എന്നിവയുടെInfrastructure Development Bond എന്നിവയിലെ നിക്ഷേപങ്ങളും സെക്ഷൻ 80 സി പ്രകാരം ഇളവിന് അർഹമാണ്

**80CCC**

LIC യുടെയോ മറ്റു അംഗീകൃത ഇൻഷുറൻസ് സ്ഥാപനങ്ങളി ലെയോ പെൻഷൻ പദ്ധതികളായ Annuity Plan കളിലെ നിക്ഷേപം.

**80 CCD (1)**

നാഷനൽ പെൻഷൻ സ്കീമിൽ (NPS) അടച്ച ജീവനക്കാരുടെ വിഹിതം Section 80 CCD (1) പ്രകാരം കിഴിവായി ലഭിക്കും. ഇത് ശമ്പളത്തിന്റെ (Pay+DA) 10% ത്തിൽ കൂടാൻ പാടില്ല.

Section 80 C, 80 CCC, 80 CCD (1) എന്നിവയുടെ ആകെ കിഴിവ് പരമാവധി 150000 രൂപയാണ്.

**80CCD (1B)**

Section 80 CCD (1B) പ്രകാരം അൻപതിനായിരം രൂപ വരെ NPS നിക്ഷേപത്തിന് അധിക കിഴിവ് ലഭിക്കും. 150000 വരെ ഉള്ള കിഴി വിനയായി ഉപയോഗിച്ച NPS നിക്ഷേപം കഴിച്ച് ബാക്കിയുള്ളതാണ് 80 CCD (1B) പ്രകാരമുള്ള കിഴിവിന് പരിഗണിക്കുക. ശമ്പളത്തിന്റെ 10% എന്ന നിബന്ധന ഈ കിഴിവിന് ഇല്ല.

**80 CCD (2)**

നാഷനൽ പെൻഷൻ ടീമിലേക്ക് ഗവൺമെൻറ് അല്ലെങ്കിൽ എംപ്ലോയർ അടയ്ക്കുന്ന Employer’s Contribution 80 CCD (2) പ്രകാരം കിഴിവിന് അർഹമാണ്. പരമാവധി കിഴിവ് ശമ്പളത്തിന്റെ (Pay+DA) 10% മാത്രമാണ്. Employer’s Contribution വരുമാനത്തിന്റെ കൂടെ കൂ ട്ടിയിട്ടുണ്ടെങ്കിൽ മാത്രമേ കിഴിവ് ലഭിക്കൂ.

**80 CCG**

നോട്ടിഫൈ ചെയ്ത Equity Saving Scheme കളിലെ നിക്ഷേപത്തിന് അനുവദിക്കുന്ന കിഴിവാണ് ഇത്. ഈ വകുപ്പ് പ്രകാരമുള്ള കിഴിവിന് അർഹമായ പദ്ധതിയാണ് Rajiv Gandhi Equity Saving Scheme. നിക്ഷേപത്തിന് പകുതി തുകയ്ക്കുള്ള കിഴിവ് പരമാവധി 25000 രൂപ വരെ ലഭിക്കും. നിക്ഷേപം നടത്തിയ ശേഷം തുടർച്ചയായ 3 സാമ്പത്തിക വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു വർഷം ഈ കിഴിവ് ഉപയോഗപ്പെടുത്താം. ഈ നിക്ഷേപം 3 വർഷത്തേക്ക് ലോക്ക് ചെയ്തതായിരിക്കണം എന്നും ജീവനക്കാരന്റെ ഗ്രോസ് ടോട്ടൽ ഇൻകം 12 ലക്ഷത്തിൽ കൂടരുതെന്നും നിബന്ധനയുണ്ട്.

**80 D (Health Insurance Premium)**

ജീവനക്കാരന്റെ യോ ഭർത്താവ് അല്ലെങ്കിൽ ഭാര്യയുടെയോ മക്കളുടെയോ പേരിൽ അംഗീകൃത ഇൻഷുറൻസ് കമ്പനികളിൽ അടച്ച ഹെൽത്ത് ഇൻഷുറൻസ് പ്രീമിയം പരമാവധി 25000 രൂപ വരെ കിഴിവ് ലഭിക്കും. ഇതിൽ ഏതെങ്കിലും ഒരാളുടെ പ്രായം 60 വയസ്സ് പൂർത്തിയായെങ്കിൽ പരമാവധി തുക അൻപതിനായിരം ആണ്. ജീവനക്കാരനോ ഭാര്യക്കോ മക്കൾക്കോ നടത്തിയ Preventive Health Check up നായി നൽകിയ തുക പരമാവധി 5000 രൂപയും 80 D പ്രകാരം കിഴിവിന് അർഹതയുള്ള താണ്. സീനിയർ സിറ്റിസൺ ഉൾപ്പെട്ട കുടുംബത്തിന് പരമാവധി 50000 രൂപയും അല്ലാത്തവയ്ക്ക് പരമാവധി 25000 രൂപയും ആണ് കിഴിവ്.

ഇത് കൂടാതെ ജീവനക്കാരന്റെ മാതാപിതാക്കളുടെ പേരിൽ അടച്ച ഹെൽത്ത് ഇൻഷുറൻസ് പ്രീമിയത്തിൽ മറ്റൊരു 25000 കൂടെ ഇളവ് ലഭിക്കും. ഇവരിൽ ഒരാൾ സീനിയർ സിറ്റിസൺ ആണെങ്കിൽ കിഴിവ് പരമാവധി 50000 വരെ ആവാം. മാതാപിതാക്കൾക്ക് നടത്തിയ Preventive Health Check up 5000 രൂപ വരെ 80 D പ്രകാരമുള്ള കിഴിവിന് അർഹമാണ്.

ഹെൽത്ത് ഇൻഷുറൻസ് ഇല്ലാത്ത 80 വയസ്സ് ഉള്ള മാതാപിതാക്കളുടെ ചികിത്സാ ചെലവിന് 80 D പ്രകാരം 50000 വരെ കിഴിവ് നേടാം. ചികിത്സാചെലവ് നേരിട്ട് പണമായി നൽകിയത് ആവരുത്. മാതാപിതാക്കൾക്കുള്ള ആകെ കിഴിവ് 50000 അല്ലെങ്കിൽ 25000 കവിയാൻ പാടില്ല.

ഹെൽത്ത് ഇൻഷുറൻസ് പ്രീമിയം, 80 കഴിഞ്ഞവരുടെ ചികിത്സാചെലവ് എന്നിവ നേരിട്ട് പണമായി നൽകാതെ മറ്റേതെങ്കിലും വഴി നൽകിയതാണ്. ഹെൽത്ത് ചെക്കപ്പിന് പണം നേരിട്ട് നൽകിയത് ആവാം.

## 80 DD (Deduction for dependent with disability)

ജീവനക്കാരന്റെ ശാരീരിക മാനസിക വൈകല്യമുള്ള ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരുടെ ചികിത്സ, ശുശ്രൂഷ, ട്രെയിനിങ്, പുനരധിവാസം എന്നിവയ്ക്ക് വേണ്ടി ചെലവഴിച്ചാലും ഇവരുടെ സംരക്ഷണത്തിനായി ഇൻഷുറൻസ് കമ്പനികളിലെ ഇതിനായുള്ള അംഗീകൃത സ്കീമുകളിൽ നിക്ഷേപിച്ചാലും 80 DD പ്രകാരം കിഴിവ് ലഭിക്കും. ചെലവഴിച്ച തുക എത്രയായാലും 75,000 രൂപയാണ് കിഴിവ് ലഭിക്കുക. 80% തിലും കൂടുതൽ വൈകല്യം ഉണ്ടെങ്കിൽ 125000 രൂപ കിഴിവ് ലഭിക്കും.

ഇതിനായി മെഡിക്കൽ അതോറിറ്റിയിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കണം. Autisum, Cerebral Palsy, Multiple Disability എന്നിവയ്ക്ക് form 10-1A യിലാണ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്.

## 80 U (For Employees with Disability)

സാമ്പത്തിക വർഷത്തിലെ ഏതെങ്കിലും കാലത്ത് ജീവനക്കാരന് Disability (40% or above) ഉണ്ടെന്ന് മെഡിക്കൽ അതോറിറ്റി സർട്ടിഫൈ ചെയ്തെങ്കിൽ അയാൾക്ക് 75000 രൂപ ഇളവ് ലഭിക്കും. 75000 രൂപ എന്ന നിശ്ചിത തുകയാണ് ഇളവ്. അല്ലാതെ ചെലവഴിച്ച തുകയല്ല. കടുത്ത വൈകല്യം ഉള്ള ആളാണെങ്കിൽ (above 80% or above) 125000 രൂപ ഇളവുണ്ട്. 80 DD പോലെ തന്നെ ഇവിടെയും സർട്ടിഫിക്കറ്റ് ഹാജരാക്കണം. വൈകല്യം താൽക്കാലികം ആണെങ്കിൽ പുതിയ സാമ്പത്തിക വർഷം വീണ്ടും സർട്ടിഫിക്കറ്റ് ഹാജരാക്കണം.

Autisum, Cerebral Palsy, Multiple Disability എന്നിവയുള്ളവർ 80 DD, 80 U എന്നീ കിഴിവുകൾക്ക് form 10-1A യിലാണ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്. MD യോഗ്യത ഉള്ള

Neurologist / Paediatric Neurologist അല്ലെങ്കിൽ സർക്കാർ ആശുപത്രികളിലെ സിവിൽ സർജൻ / ചീഫ് മെഡിക്കൽ ഓഫീസർ എന്നിവരിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങാം.

**80 DDB (For medical treatment of specified diseases)**

ജീവനക്കാരൻ, ഭർത്താവ് അല്ലെങ്കിൽ ഭാര്യ, മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരിൽ ആർക്കെങ്കിലും ഉള്ള പ്രത്യേക രോഗങ്ങൾക്കുള്ള ചികിത്സാചെലവ് 80 DDB പ്രകാരം കിഴിവ് ലഭിക്കും. Neurological diseases (dementia, chorea, motor neuron diseases, ataxia, Parkinson's disease etc), Malignant Cancer, Aids, Chronic renal failure, hemophilia, thalassamia എന്നിവയുടെ ചികിത്സ ചെലവുകൾക്കാണ് അർഹതയുള്ളത്. പരമാവധി 40000 രൂപയാണ് ലഭിക്കാവുന്ന കിഴിവ്. എന്നാൽ രോഗി 60 വയസ്സിനു മുകളിൽ ഉള്ള ആളാണെങ്കിൽ 100000 രൂപ വരെ കിഴിവ് ലഭിക്കും. അതാത് രോഗങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർ നിന്നും പ്രിസ്ക്രിപ്ഷൻ ഹാജരാക്കണം. ഇതിൽ രോഗിയുടെ പേര്, വയസ്സ്, രോഗത്തിന്റെ പേര്, സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ പേര്, അഡ്രസ്സ്, രജിസ്ട്രേഷൻ നമ്പർ, യോഗ്യത എന്നിവ ഉണ്ടായിരിക്കണം. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ തന്നെ വേണമെന്ന് നിർബന്ധമില്ല. Reimbursement അല്ലെങ്കിൽ ഇൻഷുറൻസ് തുക ലഭിച്ചെങ്കിൽ അത് കഴിച്ചേ ഇളവ് ലഭിക്കൂ.

**80 E  Interest on loan for Higher education)**

ഭർത്താവ് അല്ലെങ്കിൽ ഭാര്യയുടെയോ മക്കളുടെയോ താൻ ലീഗൽ ഗാർഡിയൻ ആയ കുട്ടികളുടെയോ ഉന്നത വിദ്യാഭ്യാസത്തിന് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നോ ചാരിറ്റബിൾ സ്ഥാപനങ്ങളിൽ നിന്നോ ജീവനക്കാരൻ എടുത്ത വായ്പയുടെ പലിശയായി അടച്ച സംഖ്യ 80 E പ്രകാരം കിഴിവ് ലഭിക്കും. പലിശ അടച്ചു തുടങ്ങിയ വർഷം മുതൽ 7 വർഷകാലമാണ് ഈ കിഴിവ് ലഭിക്കുക. Higher Secondary Examination ന് ശേഷം പഠിക്കുന്ന കോഴ്സുകളാണ് ഹയർ എജുക്കേഷൻ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വിദേശത്ത് പഠിക്കാൻ വേണ്ടി എടുത്ത ലോണിന്റെ പലിശയ്ക്കും ഈ ഇളവ് ലഭിക്കും. 80 E പ്രകാരമുള്ള കിഴിവിന് പരിധി ഇല്ല.

**80 G (Donation to notified funds and charitable institution)**

മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്കുള്ള സംഭാവന (CMDRF) Sec 80 G അനുസരിച്ച് കുറയ്ക്കാം. അടുത്ത ഫെബ്രുവരി മാസം വരെയുള്ള ശമ്പളത്തിൽ നിന്നും കുറയ്ക്കുന്ന സംഭാവന മാത്രമാണ് ഈ വർഷം കാണിക്കേണ്ടത്.
നോട്ടിഫൈ ചെയ്ത ചില ഫണ്ടുകളിലേക്കും ചാരിറ്റബിൾ സ്ഥാപനങ്ങളിലേക്കും നൽകിയ സംഭാവനയാണ് 80 G പ്രകാരം കിഴിവ് ലഭിക്കുക. CMDRF അല്ലാതെ മറ്റു സംഭാവനകൾ ഒന്നും ശമ്പളത്തിൽ നിന്നും കുറയ്ക്കേണ്ട TDS കണക്കാക്കുന്നതിന് പരിഗണിക്കില്ല. ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുന്ന അവസരത്തിൽ അതിൽ കാണിച്ച് ഇളവ് നേടാം. എന്നാൽ CMDRF പോലെ നോട്ടിഫൈ ചെയ്ത ഫണ്ടുകളിലേക്ക് DDO വഴി ശേഖരിച്ച സംഭാവന TDS കണക്കാക്കുന്നതിന് പരിഗണിക്കും.

**80 CCG (Donation to Political Parties)**

80 CCG പ്രകാരമുള്ള കിഴിവ് ശമ്പളത്തിൽനിന്നും കുറയ്ക്കേണ്ട ടാക്സ് കണക്കാക്കുന്നതിന് പരിഗണിക്കില്ല. റിട്ടേൺ സമർപ്പിക്കുന്ന അവസരത്തിൽ കിഴിവ് കാണിക്കാം. Representation of the People Act ന്റെ Section 29 A പ്രകാരം രജിസ്റ്റർ ചെയ്ത പാർട്ടികൾക്ക് നൽകിയ സംഭാവന കിഴിവ് ലഭിക്കും. പണമായി നൽകിയ സംഭാവന

പരിഗണിക്കില്ല. Cheque, DD, Credit card, Internet Banking എന്നിവയിലൂടെ നൽകിയത് ആവാം. സംഭാവന പൂർണ്ണമായി കിഴിവിന് പരിഗണിക്കും.

**80 TTA ( Interest in SB Account )**

ബാങ്ക്, കോ-ഓപ്പറേറ്റീവ് ബാങ്ക്, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ SB അക്കൗണ്ടുകളിലെ പലിശ പരമാവധി 10000 രൂപ കിഴിവായി ലഭിക്കും. മറ്റു വരുമാനം എന്ന നിലയിൽ Gross Total Income തിൽ പലിശ കൂടിയിട്ടുണ്ടെങ്കിൽ മാത്രമേ ഈ കിഴിവിന് അർഹതയുള്ളൂ. സ്ഥിര നിക്ഷേപത്തിന്റേ പലിശക്ക് 80 TTA പ്രകാരം കിഴിവില്ല.

**80 TTB (Interest of Senior citizen)**

അറുപത് വയസ്സ് കഴിഞ്ഞവർക്ക് ബാങ്ക് നിക്ഷേപങ്ങളിലെ പലിശ ഇനത്തിൽ ലഭിച്ച വരുമാനത്തിന് 50000 രൂപ വരെ ഇളവ് ലഭിക്കും. സ്ഥിര നിക്ഷേപത്തിന്റേ പലിശക്കും ഈ ഇളവ് ലഭിക്കും.

**80 EE (Interest of Housing Loan)**

വീട് നിർമ്മാണത്തിനും വാങ്ങുന്നതിനും എടുത്ത ഹൗസിംഗ് ലോൺ പലിശ 2 ലക്ഷം വരെ Income from house property എന്ന ശീർഷകത്തിൽ നഷ്ടമായി കാണിച്ച് കുറച്ചിരിക്കുമല്ലോ. ഇതിലും കൂടുതൽ അടച്ചിട്ടുണ്ടെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി പരമാവധി 50000 രൂപ കൂടി 80 EE പ്രകാരം കുറയ്ക്കാം. നിബന്ധനകൾ താഴെ പറയുന്നവയാണ്.

1. ലോൺ 2017 ഏപ്രിൽ ഒന്നിനും 2018 മാർച്ച് 31നും ഇടയിൽ എടുത്തത് ആവണം.
2. ലോൺ അനുവദിക്കുന്ന അവസരത്തിൽ വീട് ഉണ്ടായിരിക്കരുത്.
3. വീടിന്റേ വില 50 ലക്ഷത്തിലും ലോൺ 35 ലക്ഷത്തിലും കുറവായിരിക്കണം.
4. ലോൺ ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്നും എടുത്തത് ആവണം.

Chapter VI A Deductions ഇവയാണ്. ഇതിൽ 80 G, 80 GGC എന്നിവ ഒഴികെ എല്ലാ കിഴിവുകളും DDO അനുവദിക്കുന്നതാണ്. മതിയായ രേഖകൾ പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെട്ട വേണം അനുവദിക്കാൻ. മുകളിൽ പറഞ്ഞ അർഹമായ കിഴിവുകൾ കുറച്ചാൽ ടാക്സബിൾ ഇൻകം കിട്ടുന്നു.
ആദായനികുതി രേഖകളിൽ Taxable Income എന്നതിന് Total Income എന്നാണ് കാണാൻ കഴിയുക. ഇതിന് ഈവർഷത്തെ നിരക്ക് പ്രകാരം ടാക്സ് കണക്കാക്കണം.

**2018-19 ആദായനികുതി നിരക്ക്**

**60 വയസ്സിൽ താഴെയുള്ളവർക്ക് ഉള്ള സാധാരണ നിരക്ക്.**

സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ നിരക്കു തന്നെ.

- Taxable Income 2,50,000 രൂപ വരെ ടാക്സ് ഇല്ല
- 2,50,000 അതിന് മുകളിൽ 5,00,000 വരെ :- 2,50,000 തിന് മുകളിലുള്ള തുകയുടെ 5%. Taxable Income 3,50,000 വരെ ഉള്ളവർക്ക് ഇതിൽ നിന്നും Section 87A പ്രകാരമുള്ള റിബേറ്റ് പരമാവധി 2,500 രൂപ കുറയ്ക്കാം. ഫലത്തിൽ 3 ലക്ഷത്തിന്

മുകളിൽ മാത്രമേ ടാക്സ് ഉണ്ടാവൂ. (Taxable Income 3,50,000 ത്തിന് മുകളിൽ റിബേറ്റ് ഇല്ല.)

- 5,00,000 ത്തിന് മുകളിൽ 10,00,000 വരെ :- 12,500 രൂപയും അഞ്ച് ലക്ഷത്തിനു മുകളിൽ വരുന്നതിന്റേ 20% വും കൂട്ടിയ തുക.
- 10,00,000 തിന് മുകളിൽ :- 1,12,500 രൂപയും 10 ലക്ഷത്തിന് മുകളിൽ വരുന്നതിന്റേ 30% വും കൂട്ടിയ തുക.

**60 വയസ്സ് മുതൽ 80 വയസ്സ് വരെയുള്ളവർക്ക് ഉള്ള നിരക്ക്**

- Taxable Income 3,00,000 വരെ ടാക്സ് ഇല്ല.
- 3,00,000 മുതൽ 500000 വരെ :- മൂന്ന് ലക്ഷത്തിനു മുകളിൽ വരുന്നതിന്റെ 5%. ഇതിൽ നിന്നും Section 87A പ്രകാരമുള്ള റിബേറ്റ് പരമാവധി 2,500 രൂപ കുറയ്ക്കാം. (Taxable Income 3,50,000 വരെ മാത്രമേ റിബേറ്റ് ഉള്ളൂ.)
- 5,00,000 മുതൽ 10,00,000 വരെ :- 10,000 രൂപയും 5,00,000 ത്തിന് മുകളിൽ വരുന്നതിന്റേ 20% വും കൂട്ടിയ തുക.
- 10,00,000 ത്തിനു മുകളിൽ :- 1,10,000 രൂപയും 10,00,000 ത്തിൻ മുകളിൽ വരുന്നതിന്റെ 30% വും കൂട്ടിയ തുക.

**80 വയസ്സിനു മുകളിൽ ഉള്ള നിരക്ക്**

- Taxable Income 5,00,000 വരെ ടാക്സ് ഇല്ല.
- 5,00,000 മുതൽ 10,00,000 വരെ :- അഞ്ച് ലക്ഷത്തിനു മുകളിൽ വരുന്ന തുകയുടെ 20%.
- 10,00,000 മുകളിൽ :- 1,00,000 രൂപയും 10,00,000 ത്തിനു മുകളിൽ വരുന്ന സംഖ്യയുടെ 30% വും കൂടിയ തുക.

കിഴിവുകൾ എല്ലാം കുറച്ച ശേഷം കിട്ടുന്ന Taxable Income ത്തിന് പ്രായത്തിനനുസരിച്ച നിരക്ക് പ്രകാരം ടാക്സ് കണക്കാക്കണം. ഇതിനോട് 4% Cess കൂടി കൂട്ടണം. ഇതാണ് ഈ സാമ്പത്തികവർഷം നടക്കേണ്ട ടാക്സ്.

## Form 10E ഉപയോഗിച്ച് റിലീഫ് നേടാം

- കഴിഞ്ഞ വർഷങ്ങളിൽ ലഭിക്കേണ്ട ശമ്പളം, DA തുടങ്ങിയവ ഈവർഷം ലഭിച്ചത് മൂലം വലിയ നികുതി വർദ്ധനവ് ഉണ്ടാവാം. Section 89 (1) പ്രകാരം Form 10 E തയ്യാറാക്കി ഇൻകം ടാക്സ് റിലീഫ് നേടാം. മുൻ വർഷങ്ങളിലെ അരിയർ അതാത് വർഷങ്ങളിലെ വരുമാനത്തോട് കൂടി ടാക്സ് കാണുകയും ഈ വർഷത്തെ വരുമാനത്തിൽ നിന്ന് കുറച്ച് ടാക്സ് കണക്കാക്കുകയും ചെയ്യുന്ന ഫോം 10E ഇന്ന് ടാക്സ് സോഫ്റ്റ്വെയർ ഉപയോഗിച്ച് എളുപ്പത്തിൽ തയ്യാറാക്കാൻ സാധിക്കും. Form 10 E തയ്യാറാക്കി നോക്കി റിലീഫ് ഉണ്ടെങ്കിൽ അത് ഈ വർഷത്തെ സ്റ്റേറ്റ്മെന്റിൽ അടയ്ക്കേണ്ട ടാക്സിൽ നിന്നും കുറയ്ക്കാം. സ്റ്റേറ്റ്മെന്റിന്റെ കൂടെ ഫോം 10 E കൂടി DDO ക്ക് നൽകുക.

ഈ സാമ്പത്തിക വർഷം പേ റിവിഷൻ അരിയർ മൂന്ന്, നാല് ഗഡുക്കൾ ലഭിച്ചിട്ടുണ്ടാവുമല്ലോ. കൂടാതെ ഡി എ അരിയർ, പേ അരിയർ എന്നിവയും ലഭിച്ചിരിക്കാം.

എങ്കിൽ നിശ്ചയമായും form 10 E തയ്യാറാക്കി നോക്കുക. കഴിഞ്ഞ വർഷം form 10 E നൽകിയവർക്കും ഈ വർഷം റിലീഫ് കിട്ടിയേക്കാം. കഴിഞ്ഞ വർഷം നൽകിയവർ ഈ വർഷം മുൻ വർഷങ്ങളിലെ Taxable Income ആയി കാണിക്കേണ്ടത് കഴിഞ്ഞ വർഷത്തെ ഫോറത്തിലെ അരിയർ കൂടി കൂട്ടിയ Taxable Income ആണ്. ഇത് മുമ്പ് തയ്യാറാക്കിയ ഫോറത്തിലെ Table A എന്ന ഫോമിലെ നാലാം കോളം ആയ " Total Income (as increased by Salary received in arrear or advance) of the relevant previous year" നോക്കി കണ്ടുപിടിക്കാം.

## നികുതിദായകന് ചെയ്യാനുള്ളത്

ശമ്പള വരുമാനക്കാരനായ നികുതിദായകന് ചെയ്യാനുള്ളത് എന്തൊക്കെയാണ് എന്ന് നോക്കാം.

- മാർച്ച് മാസത്തിൽ അടുത്ത വർഷത്തെ Anticipatory Income Tax Statement തയ്യാറാക്കി ശമ്പളത്തിൽനിന്നും ഓരോ മാസവും കുറയ്ക്കേണ്ട ടിഡിഎസ് തുക കണ്ടെത്തുക. DDO വിന് സമർപ്പിക്കുക.
- ശമ്പളത്തിലെ കിഴിവുകളിലോ വലിയ വർദ്ധനവോ കുറവോ വന്നുവെങ്കിൽ പുതിയ Anticipatory Statement തയ്യാറാക്കി തുക പുനർനിർണയിക്കുക.
- സാമ്പത്തിക വർഷാവസാനം ഫെബ്രുവരി മാസത്തിൽ Final Statement തയ്യാറാക്കി DDO വിന് നൽകുക. മറ്റു കിഴിവുകൾക്ക് മതിയായ രേഖകൾ സമർപ്പിക്കുക.
- ജൂൺ 15ന് മുമ്പായി DDO യിൽ നിന്നും TDS certificate അഥവാ Form 16 Part A യും Part B യും കൈപ്പറ്റുക. Part A യിലെ ടിഡിഎസ് തുക കൃത്യമാണോ എന്ന് പരിശോധിക്കുക. വ്യത്യാസം കാണുന്നുവെങ്കിൽ DDO വിനെ അറിയിക്കുക.
- E filing സൈറ്റിൽ നിന്നും 26 AS എടുത്ത് പരിശോധിക്കുക. അതിൽ ശമ്പള വരുമാനം അതിൻറെ ടിഡിഎസ് എന്നിവ കൂടാതെ ബാങ്ക് പലിശ പോലുള്ള മറ്റേതെങ്കിലും വരുമാനവും TDS ഉം ഉണ്ടോ എന്ന് പരിശോധിക്കുക. ഉണ്ടെങ്കിൽ അവ കൂടി ഉൾപ്പെടുത്തി ആകെ വരുമാനത്തിന് ടാക്സ് കണക്കാക്കുക. അടച്ചത് കഴിച്ച് ഇനി അടയ്ക്കേണ്ടത് ITNS 280 challan ഉപയോഗിച്ച് നെറ്റ് ബാങ്കിംഗ് വഴിയോ അടയ്ക്കുക.
- ജൂലൈ 31 ന് മുമ്പായി ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുക.

## TDS അഥവാ Tax Deduction at Source

ശമ്പളത്തിൽ നിന്നും കുറയ്ക്കുന്ന നികുതിയുടെ കണക്ക് മൂന്ന് തലങ്ങളിൽ നിന്നും ആദായനികുതി വകുപ്പിന് സമർപ്പിക്കുന്നു. ഒന്നാമതായി ജില്ലാ ട്രഷറി ഓഫീസർ ഓരോ സ്ഥാപനത്തിൽ നിന്നും ഒരു മാസം ലഭിച്ച ആകെ നികുതിയുടെ കണക്ക് 24 G ഫോറത്തിൽ ഓൺലൈനായി നൽകുന്നു. രണ്ടാമതായി DDO ഓരോ ത്രൈ മാസത്തിനു ശേഷവും ഓരോ മാസവും കുറച്ച ടാക്സ് ആരുടെയൊക്കെ ആണെന്നും എത്രയെന്നും ഓൺലൈനായി ആദായനികുതി വകുപ്പിന് കൈമാറും. ഇതിനെ E TDS Return എന്നാണ് പറയുന്നത്. മൂന്നാമതായി സാമ്പത്തിക വർഷം കഴിഞ്ഞ് ആകെ അടച്ച ടാക്സിന്റെ കണക്ക് ഇൻകം ടാക്സ് റിട്ടേൺ ആയി സമർപ്പിക്കുന്നു. ഒന്നും രണ്ടും തലങ്ങളിൽ റിട്ടേൺ നൽകുമ്പോൾ വരുന്ന തകരാറുകൾ കാരണം നികുതിദായകൻറെ PAN ലേക്ക് TDS തുക വരാതിരിക്കാം.

**Prepared by Sudheer Kumar T K**

**Downloaded from MATHSBLOG**